# കേരള കാർഷിക സർവ്വകലാശാല

## കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗം, ഹോർട്ടികൾച്ചർ കോളേജ്, വെള്ളാനിക്കര

Email: cohagmet@kau.in & kauagmet@yahoo.co.in

**കാർഷിക കാലാവസ്ഥ നിർദ്ദേശക ബുള്ളറ്റിൻ**

## എറണാകുളം ജില്ല

**കേരള കാർഷിക സർവ്വകലാശാല കാർഷിക കാലാവസ്ഥാ ശാസ്ത്ര പഠന വിഭാഗത്തിന്റെയും, ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെയും, കേരള കൃഷി വകുപ്പിന്റെയും സഹകരണത്തോടെ തയ്യാറാക്കുന്നത്.**

എ.എ.എസ് 06/2019(12), വെള്ളിയാഴ്ച — തീയ്യതി 08.02.2019

**അടുത്ത 5 ദിവസത്തേക്കുള്ള കാലാവസ്ഥാ പ്രവചനം:**

| കാലാവസ്ഥാ ഘടകങ്ങൾ | 09.02.2019 | 10.02.2019 | 11.02.2019 | 12.02.2019 | 13.02.2019 |
|---|---|---|---|---|---|
| മഴ (മില്ലി.മീറ്റർ) | 0 | 1 | 0 | 0 | 0 |
| ഉയർന്ന താപനില (°C) | 32 | 32 | 32 | 32 | 32 |
| കുറഞ്ഞ താപനില (°C) | 24 | 24 | 24 | 24 | 24 |
| മേഘവ്യാപ്തി (ഒക്ട) | 4 | 7 | 4 | 4 | 4 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 85 | 85 | 85 | 85 | 85 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 60 | 60 | 60 | 60 | 60 |
| കാറ്റിന്റെവേഗത (കിലോമീറ്റർ/മണിക്കൂർ) | 14 | 12 | 14 | 14 | 16 |
| കാറ്റിന്റെ ദിശ (ഡിഗ്രി) | 250 | 270 | 250 | 270 | 270 |
| ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെ പ്രവചനമനുസരിച്ച് ജില്ലയിൽ വരും 5 ദിവസങ്ങളിൽ മഴയ്ക്ക് സാധ്യതയില്ല. | | | | | |

## കാർഷിക നിർദ്ദേശങ്ങൾ:

| വിളകൾ | വളർച്ചാഘട്ടം | രോഗ കീടങ്ങൾ | കാർഷിക നിർദ്ദേശങ്ങൾ |
|---|---|---|---|
| നെല്ല് (കോൾപാടങ്ങളിൽ) | പാലുറയ്ക്കുന്ന പരുവം | മുഞ്ഞ | നെല്ലിലെ മുഞ്ഞയെ നിയന്ത്രിക്കാൻ<br>➢ പാടങ്ങളിലെ വെള്ളം വാർത്ത് കളയുക<br>➢ രണ്ട് ഗ്രാം തയാമെതോക്സാം പത്ത് ലിറ്റർ വെള്ളത്തിൽ അല്ലെങ്കിൽ 3 മില്ലി ഇമിഡാക്ലോപ്രിഡ് പത്ത് ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ തളിക്കുക. |
| വാഴ | - | കുറുനാമ്പുരോഗം | കുറുനാമ്പുരോഗമുള്ള വാഴ വെട്ടി നശിപ്പിക്കുക. വാഴപ്പേനാണ് ഈ രോഗം പരത്തുന്നത്. ഇവയെ നിയന്ത്രിക്കുന്നതിനായി 1.5 മില്ലി ഡൈമെത്തോയേറ്റ് ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക. |
| തെങ്ങ് | - | കൂമ്പുചീയൽ | തെങ്ങിലെ കൂമ്പുചീയൽ രോഗത്തിനു മുൻകരുതലായി സുഷിരങ്ങൾ ഇട്ട മാങ്കോസെബ് സാഷ് (5 ഗ്രാം) മൂന്നുപായ്ക്കറ്റ് വീതം ഒരോ തെങ്ങിന്റെ കൂമ്പിനു ചുറ്റും വയ്ക്കുക. കൂടാതെ മണ്ടയിലെ അഴുകിയ ഭാഗങ്ങൾ ചെത്തിമാറ്റി, കൂമ്പിൽ ബോർഡോ കുഴമ്പ് തേച്ച് പിടിപ്പിക്കുക. |
| പച്ചക്കറികൾ (പയർ) | കായ്ക്കുന്ന പരുവം | ഇലപ്പേൻ | പയറിലെ ഇലപ്പേനിന്റെ ആക്രമണം നിയന്ത്രിക്കാൻ പാകമായ പയർ വിളവെടുത്തതിന് ശേഷം 2 മില്ലി ഫിപ്രോനിൽ 5SC ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ തളിക്കുക. |
| | | മുഞ്ഞ | പയറിൽ മുഞ്ഞയുടെ ആക്രമണം കണ്ടാൽ 2% വീര്യമുള്ള വേപ്പെണ്ണ എമൾഷൻ തളിക്കുക. അല്ലെങ്കിൽ വെർട്ടിസീലിയം ലെക്കാനി എന്ന മിത്രകുമിൾ 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ 10 ദിവസം ഇടവിട്ട് കൊടുക്കുക. രൂക്ഷമാണെങ്കിൽ 3 മി.ലി ഇമിഡാക്ലോപ്രിഡ് അല്ലെങ്കിൽ 2 ഗ്രാം തയാമെതോക്സാം 10 ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ തളിക്കുക. |
| മൃഗസംരക്ഷണം | തൊഴുത്തിലും മേച്ചിൽ സ്ഥലങ്ങളിലും കുടിക്കാൻ ശുദ്ധജല ലഭ്യത ഉറപ്പുവരുത്തുക.കൊതുകു മുട്ടയിട്ടു പെരുകുന്നത് തടയുന്നതിന് വേണ്ട മുൻകരുതലുകൾ എടുക്കുക.<br>**(സി.എ.എ.ഡി.ഇ.സി.സി.എസ്., കെ.വി.എ.എസ്.യു., മണ്ണുത്തി)** | | |